DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

01-05--2021

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കോട്ടയംജില്ലയിലെ പ്രാദേശികകോഴിവളർത്തൽകേന്ദ്രം മണർകാട് നിന്നുംഎല്ലാ ബുധൻ, ശനി ദിവസങ്ങളിൽഒരുദിവസം പ്രായമായ ഗ്രാമശ്രീ പിടക്കുഞ്ഞിനെ 22 രൂപയ്ക്കും പൂവൻ കുഞ്ഞിനെ 10 രൂപയ്ക്കുംവിതരണംചെയ്യുന്നതായിഅസിസ്റ്റന്റ്ഡയറക്ടർഅറിയിച്ചു. ബുക്കിങ്ങിനായി ബന്ധപ്പെടേണ്ട നമ്പർ 8301897710, 0481-2373710

## നടീൽവസ്തുക്കൾവിൽപ്പനയ്ക്ക്ലഭ്യമാണ്

കൃഷിവകുപ്പിന്റെ കരിമ്പം ജില്ലാകൃഷിത്തോട്ടത്തിൽമാവ് ഗ്രാഫ്റ്റ്തൈകൾ, തെങ്ങ്,,കവുങ്ങ്, റംബൂട്ടാൻ, മാങ്കോസ്റ്റിൻ, സപ്പോട്ട, നാടൻ ഫലവർഗങ്ങൾ, അരങ്കാരസസ്യങ്ങൾ, ഔഷധസസ്യങ്ങൾ, ടിഷ്യൂകൾച്ചർവാഴ, കറ്റാർവാഴ, പേര, കുരുമുളകുവള്ളി, പച്ചക്കറിത്തൈകൾ, ചിപ്പിക്കൂൺ വിത്ത്എന്നിവലഭ്യമാണ്. കൂടുതൽവിവരങ്ങൾക്ക്0460-2206979

## തേനീച്ചവളർത്തലിൽഓൺലൈൻ പരിശീലനം

തേനീച്ചവളർത്തലിൽറബ്ബർബോർഡ്മെയ് 04-ന് രാവിലെ 10.30 മുതൽഉച്ചയ്ക്ക് 12.30 വരെഓൺലൈൻ പരിശീലനം നടത്തുന്നു.

ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത കേരളീയർക്ക് പരിശീലനഫീസ്119രൂപ ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ളകേരളീയർക്കുംകേരളത്തിന് പുറത്തുള്ളവർക്കും118രൂപ ആയിരിക്കും ഫീസ്. 2021 മെയ് 03 ന് വൈകിട്ട് 5.00 മണിവരെരജിസ്റ്റർചെയ്യാം.ആദ്യംരജിസ്റ്റർചെയ്യുന്ന 200 പേർക്കായിരിക്കും പ്രോഗ്രാം ലിങ്ക് ലഭിക്കുക. പരിശീലനം സംബന്ധിച്ച കൂടുതൽവിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

## കെ.എ.യുഅറിയിപ്പ്

ചെടികളിൽകാണുന്ന വെളുത്ത പഞ്ഞിപോലുള്ളമീലിമുട്ടയേയും പരന്ന ആകൃതിയിലുള്ളശൽക്ക കീടങ്ങളെയും നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ്ചെറുതായിഅരിഞ്ഞ്ചൂടുവെള്ളത്തിൽലയിപ്പിച്ച്ചെടികളിൽതളിച്ച്കൊടുത്തതിന് ശേഷംഒരുമണിക്കൂർകഴിഞ്ഞ്വെർട്ടിസീലിയംലക്കാനി എന്ന കുമിൾ 20 ഗ്രാംഒരുലിറ്റർവെള്ളത്തിൽകലക്കിതളിക്കണം. ഇവവൈകുന്നേരങ്ങളിൽതളിക്കുന്നതാണ്ഉത്തമം.മീലിമുട്ടയുടെ വംശവർദ്ധനവ്വളരെകൂടുതലായതിനാൽ 2 മുതൽ 3 ദിവസത്തിലൊരിക്കൽ ഈ കുമിൾലായനി തളിച്ചുകൊടുക്കണം. ഇവലഭിക്കുന്നതിന് വെള്ളാനിക്കരഹോർട്ടിക്കൾച്ചർകോളേജിലെ ബയോകൺട്രോൾയൂണിറ്റുമായോ/മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായോ0487 – 2438303, 2370773 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

## വെറ്ററിനറിസർജനെ ആവശ്യമുണ്ട്.

സർക്കാർ പൊതുമേഖലാസ്ഥാപനമായസംസ്ഥാന പൗൾട്രിവികസന കോർപ്പറേഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽസീനിയർമാനേജർ (ടെക്നിക്കൽ) ന്റെതസ്തികയിലേക്ക്വെറ്ററിനറിസർജനെ ആവശ്യമുണ്ട്. പൗൾട്രി സയൻസ് പ്രത്യേകവിഷയമായിവെറ്ററിനറി സയൻസിൽ ബിരുദാനന്തര ബിരുദം നേടിയശേഷംഏതെങ്കിലുംമുഖ്യധാരാ ഹാച്ചറിയിലോ ബ്രീഡിംഗ് ഫാമിലോ 3 വർഷത്തെ ഭരണ നിർവ്വഹണ പരിചയമുള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർവിശദമായ ബയോഡേറ്റാസഹിതം, മാതൃവകുപ്പ്വഴിഈ മാസം 30-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി മാനേജിംഗ്ഡയറക്ടർ, കേരളസംസ്ഥാന പൗൾട്രിവികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ), റ്റി.സി.30/697, പേട്ട, തിരുവനന്തപുരം-24 എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽവിവരങ്ങൾക്ക്www.kepco.co.in.എന്ന വെബ്സൈറ്റ്സന്ദർശിക്കുക.

## അറിയിപ്പ്

കേരളകാർഷികസർവ്വകലാശാലയുടെമണ്ണുത്തിയിലുള്ളകാർഷികസാങ്കേതികവിജ്ഞാന കേന്ദ്രത്തിൽവള്ളിപ്പയർ ഇനങ്ങളായലോല, വൈജയന്തി, കെ.എ.യു. ദീപികഎന്നിവയും അനശ്വര ഇനത്തിൽപ്പെട്ട കുറ്റിപ്പയർവിത്തുകളുംമോഹിത് നഗർ, മംഗളഎന്നീ ഇനങ്ങളിൽപ്പെട്ട കവുങ്ങിന്റെ നടീൽവസ്തുക്കളുംവിൽപ്പനയ്ക്ക്ലഭ്യമാണ്.

## കീടനിയന്ത്രണോപാധികൾലഭ്യമാണ്

വെള്ളായണികാർഷികകോളേജ്മൈക്രോബയോളജിവിഭാഗത്തിൽസ്യൂഡോമോണാസ്കിലോ 75 രൂപ, ട്രൈക്കോഡെർമകിലോ 100 രൂപ, മൈക്കോറൈസ, അസറ്റോബാക്ടർ, അസോസ്പൈറില്ലം, ഫോസ്ഫറസ്സൊലൂബിലൈസർ, പൊട്ടാഷ്സൊലൂബിലൈസർഎന്നിവകിലോ 85 രൂപ നിരക്കിലുംവിൽപ്പനയ്ക്ക്ലഭ്യമാണ്. കൂടുതൽവിവരങ്ങൾക്ക് 8289945595 എന്ന നമ്പരിൽ ബന്ധപ്പെടുക.

## വിൽപനയ്ക്ക്ലഭ്യമാണ്

ഭരണിക്കാവ്സഹകരണബാങ്ക്എക്കോഷോപ്പിൽചേന, ചേമ്പ്,കാച്ചിൽ, ഇഞ്ചി, മഞ്ഞൾതുടങ്ങിയ നടീൽവസ്തുക്കൾലഭ്യമാണ്. വിവിധ ഇനങ്ങളിലുള്ള തെങ്ങിൻതൈകൾ, മാവ്, പ്ലാവ്, മറ്റു പഴവർഗ്ഗ ചെടികൾ, പച്ചക്കറിതൈകൾതുടങ്ങിയവ ബാങ്ക്അങ്കണത്തിൽ ഉള്ള സഹകരണകാർഷിക നേഴ്സറിയിൽലഭ്യമാണ്. കൂടുതൽവിവരങ്ങൾക്ക് **9446010755,9447472036,8086768279**എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പഴം-പച്ചക്കറിസംസ്കരണകേന്ദ്രം

വയനാട്ടിലെ അമ്പലവയൽ കൃഷിവിജ്ഞാന കേന്ദ്രത്തിൽ പഴം-പച്ചക്കറിസംസ്കരണകേന്ദ്രം തുറന്നു. കെ.വി.കെ യിലെസാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെകർഷകർക്കുംകർഷകസംഘങ്ങൾക്കുംമൂല്യവർധിതഉത്പന്നങ്ങളുണ്ടാക്കാൻ സൗകര്യമൊരുക്കും. വിവിധ

ഫലവർഗങ്ങളുടെമൂല്യവർധിതഉത്പന്നങ്ങളുണ്ടാക്കാൻ ആധുനിക യന്ത്രസൗകര്യങ്ങൾഇവിടെലഭ്യമാണ്. പഴച്ചാർവേർതിരിക്കൽ, പാനീയം നിശ്ചിതഅളവിൽകുപ്പികളിൽ നിറയ്ക്കൽ, നൂഡിൽസ് നിർമ്മാണം, ഇഞ്ചി, വെളുത്തുള്ളി പുറംതൊലി നീക്കൽ, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ ഉണക്കിയെടുക്കൽതുടങ്ങിയവയ്ക്കുള്ളസംവിധാനവുംഇവിടെയുണ്ട്. കൂടുതൽവിവരങ്ങൾക്ക്9496930411.